**കേരള സർക്കാർ**

<u>സംഗ്രഹം</u>

പൊതു വിദ്യാഭ്യാസ വകുപ്പ് - എയ്ഡഡ് സ്കൂൾ ക്ളാർക്കുമാരെ ഡിപ്പാർട്ട്മെന്റൽ ടെസ്റ്റുകൾ പാസ്സാകുന്നതിൽ നിന്ന് ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

**ജി.ഒ (എം.എസ്) നം. 16/10/പൊ.വി.വ തിരുവനന്തപുരം, തീയതി: 18/01/2010**

---

പരാമർശം: (1) 19/11/1994 ലെ 75633/ജെ3/92/പൊ.വി..നമ്പർ സർക്കാർ കത്ത്.
(2) 29/07/2006 ലെ 26790/ജെ3/06/പൊ.വി. നമ്പർ സർക്കുലർ
(3) 26/12/2007 ലെ 34678/ജെ3/2007/പൊ.വി നമ്പർ സർക്കുലർ.

**ഉത്തരവ്**

എയ്ഡഡ് സ്കൂളുകളിലെ ക്ളാർക്കുമാർ വിദ്യാഭ്യാസ വകുപ്പിലെ ക്ളാർക്കുമാരെപ്പോലെ എം.ഒ.പി, അക്കൗണ്ട് ടെസ്റ്റ്, കെ.ഇ.ആക്ട് എന്നിവ പാസ്സാകേണ്ടതാണെന്ന് പരാമർശം (1) ലെ സർക്കാർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ടി സർക്കാർ കത്ത് പുറപ്പെടുവിക്കുന്നതിനു മുമ്പ് എയ്ഡഡ് സ്കൂൾ ക്ളാർക്കുമാർ നിർബന്ധിത ടെസ്റ്റ് യോഗ്യത നേടിയിരിക്കണമെന്ന് നിർബന്ധമില്ലാതിരുന്നതിനാൽ ടെസ്റ്റ് പാസ്സാകാതെ തന്നെ അവരുടെ പ്രൊബേഷൻ ഡിക്ളയർ ചെയ്ത് ഇൻക്രിമെന്റ് അനുവദിച്ച് നൽകിയിരുന്നു. എന്നാൽ ടി നിർദ്ദേശം പുറപ്പെടുവിച്ചതിനുശേഷം വർഷങ്ങൾ കഴിഞ്ഞ് ചില വിദ്യാഭ്യാസ ഓഫീസർമാർ എയ്ഡഡ് സ്കൂൾ ക്ളാർക്കുമാരുടെ ഇൻക്രിമെന്റുകൾ തടഞ്ഞു വയ്ക്കുകയും വാങ്ങിയ ഇൻക്രിമെന്റും മറ്റും തിരിച്ചുപിടിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തു. ഇത് സംബന്ധിച്ച് സർക്കാരിന് ലഭിച്ച നിരവധി പരാതികൾ പരിശോധിക്കുകയും അതിൻ പ്രകാരം 19/11/1994 വരെ നിയമനം ലഭിച്ച എയ്ഡഡ് സ്കൂൾ ക്ളാർക്കുമാരെ നിർബന്ധിത ടെസ്റ്റുകൾ പാസ്സാകുന്നതിൽ നിന്ന് പരാമർശം (2) പ്രകാരം ഒഴിവാക്കുകയും ചെയ്തു. എന്നാൽ സർക്കാർ സ്കൂളുകളിലെ ക്ളാർക്കുമാർക്ക് പ്രൊബേഷൻ

ഡിക്ളയർ ചെയ്യുന്നതിനും സ്ഥാനകയറ്റം നൽകുന്നതിനും ഡിപ്പാർട്ട്മെന്റൽ ടെസ്റ്റുകൾ പാസ്സായിരിക്കണമെന്ന വ്യവസ്ഥ നിലനിൽക്കേ ഒരു വിഭാഗത്തെ മാത്രം നിയമപരമായി പാസ്സായിരിക്കേണ്ട ടെസ്റ്റ് യോഗ്യതയിൽ നിന്ന് ഒഴിവാക്കുന്നത് നിലവിലുള്ള നടപടി ക്രമങ്ങൾക്ക് വിരുദ്ധമാകയാലും, 19/11/94 നു മുൻപ് എയ്ഡഡ് സ്കൂളുകളിൽ നിയമനം ലഭിച്ച ക്ളാർക്കുമാരെ ഡിപ്പാർട്ട്മെന്റൽ ടെസ്റ്റുകൾ പാസ്സാകുന്നതിൽ നിന്ന് ഒഴിവാക്കുന്നത് അവർക്ക് അനർഹമായ സാമ്പത്തിക നേട്ടം ലഭ്യമാകാനിടയാക്കുന്ന മോശപ്പെട്ട കീഴ്വഴക്കം സൃഷ്ടിക്കുമെന്നതിനാലും സർക്കാർ ഇക്കാര്യം പുനഃപരിശോധിക്കുകയും പരാമർശം (3) പ്രകാരം മേൽ ആനുകൂല്യം പിൻവലിക്കുകയും ചെയ്തു. തത്ഫലമായി 29/07/2006 നും 26/12/2007 നുമിടയിൽ ചില ജീവനക്കാർക്ക് ആദ്യത്തെ സർക്കുലർ പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുകയും ചിലർക്ക് ലഭിക്കാതിരിക്കുകയും ചെയ്തു. ഒരേ വിഭാഗത്തിലുള്ള ജീവനക്കാരിൽ ചിലർക്ക് ഒരു പ്രത്യേക ആനുകൂല്യം അനുവദിക്കുകയും ചിലർക്ക് അനുവദിക്കാതിരിക്കുകയും ചെയ്യുന്നത് വിവേചനപരമാകുമെന്ന് കണ്ടതിനാൽ ഇക്കാര്യം വിശദമായി വീണ്ടും പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന പ്രകാരം ഉത്തരവാകുന്നു.

(1) പ്രൊബേഷൻ ഡിക്ളയർ ചെയ്യുന്നതിനും സമയബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കുന്നതിനും ഡിപ്പാർട്ട്മെന്റൽ ടെസ്റ്റുകൾ പാസ്സാകുന്നതിൽ നിന്ന് 29/07/2006 നോ അതിന് മുമ്പോ സർവ്വീസിൽ പ്രവേശിച്ച എയ്ഡഡ് സ്കൂൾ ക്ളാർക്കുമാരെ (19/11/94 ന് ശേഷം റിട്ടയർ ചെയ്തവർ ഉൾപ്പെടെ) ഒഴിവാക്കുന്നു.

(2) 29/07/2006 നുശേഷം നിയമനം ലഭിച്ച എല്ലാ എയ്ഡഡ് സ്കൂൾ ക്ളാർക്കുമാരും പ്രൊബേഷൻ, ഇൻക്രിമെന്റ്, ഗ്രേഡ്, പ്രൊമോഷൻ തുടങ്ങിയവ അനുവദിക്കുന്നതിന് പൊതു വിദ്യാഭ്യാസ വകുപ്പിലെ ക്ളാർക്കുമാർ പാസ്സാകേണ്ട എല്ലാ നിർബന്ധിത ഡിപ്പാർട്ട്മെന്റൽ ടെസ്റ്റുകളും പാസ്സായിരിക്കേണ്ടതാണ്.

(3) 19/11/94 നോ അതിന് മുമ്പോ റിട്ടയർ ചെയ്ത എയ്ഡഡ് സ്കൂൾ ക്ലാർക്കുമാരുടെ പെൻഷൻ "settled case" ആയി പരിഗണിച്ച് പുനഃപരിശോധിക്കുന്നതല്ല.

2) കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ തദനുസരണം ഭേദഗതികൾ വരുത്തുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

ജെയിംസ് വർഗ്ഗീസ്
സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും → പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്) കേരള, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
പൊതു ഭരണ (എസ്. സി) വകുപ്പ്
ധനകാര്യ വകുപ്പ് (Vide U.O.No.95978a/Edn. B1/08/Fin. Dated: 31/07/2009)
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (Vide U.O. No. 12765/B1/09/ P&ARD Dated: 06/09/2009)

സ്റ്റോക്ക് ഫയൽ
ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ